## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4516 25/06/2019-ൽ മറുപടിയ്ക്ക്

## പ്രീപ്രൈമറി ടീച്ചർമാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്** | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പ്രീ-പ്രൈമറി ടീച്ചർമാർ ഉണ്ടെന്നും ഇവരിൽ സ്ഥിരം ജീവനക്കാർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നുമുള്ള വിശദവിവരം നൽകുമോ; | (എ) | സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറികളിൽ 82 അദ്ധ്യാപകരും, പി.ടി.എ.യുടെ നിയന്ത്രണത്തിൽ പ്രവർത്തിയ്ക്കുന്ന ഓണറേറിയം കൈപ്പറ്റി വരുന്ന 2852 അദ്ധ്യാപകരും പ്രവർത്തിയ്ക്കുന്നുണ്ട്. താൽക്കാലിക ജീവനക്കാർ ഇല്ല. |
| (ബി) | പ്രസ്തുത ടീച്ചർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതെങ്ങനെയെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | (ബി) | താൽക്കാലികാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചിട്ടില്ല. |
| (സി) | എറണാകുളം ജില്ലയിലെ കല്ലൂർക്കാട് അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസറുടെ കീഴിലുള്ള മണിയന്തരം ഗവ. എൽ.പി. സ്കൂളിൽ നിലവിൽ പ്രീപ്രൈമറി ടീച്ചർ ഉണ്ടോയെന്ന് അറിയിക്കാമോ; | (സി) & (ഡി) | ഉണ്ട്. ശ്രീമതി. ചിന്നമ്മ.ടി.കെ. പ്രസ്തുത സ്കൂളിലെ പ്രീ-പ്രൈമറി ടീച്ചർ ആയിരുന്ന ശ്രീമതി. ജെസ്സി ജോർജ്ജ് പ്രീ-പ്രൈമറി ട്രെയിനിംഗ് കോഴ്സിന് പോകാനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 30/06/1989 മുതൽ 31/03/1990 വരെ മാത്രമായിരിക്കും എന്ന വ്യവസ്ഥയോടെ പി.ടി.എ, ശ്രീമതി. ചിന്നമ്മ.ടി.കെ-യെ പ്രീ-പ്രൈമറി ടീച്ചറായി നിയമിച്ചു. പ്രസ്തുത ടീച്ചർ ഇപ്പോഴും ജോലിയിൽ തുടർന്ന് വരികയും ഓണറേറിയം കൈപ്പറ്റുകയും ചെയ്യുന്നു. സർക്കാർ സ്കൂളുകളിൽ പി.ടി.എ യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രീ-പ്രൈമറിയിൽ നിയമനം നടത്തുന്നത് അതത് പി.ടി.എ യാണ് |
| (ഡി) | എങ്കിൽ ആരാണെന്നും എന്നു മുതലാണ് നിയമനം നൽകിയതെന്നും എങ്ങനെ ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനം നൽകിയതെന്നും വിശദമാക്കുമോ? | | |

Reena

സെക്ഷൻ ഓഫീസർ